(ബി) അതുമൂലം സാധാരണക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ ബി. പി. എൽ പരിധിയിൽപ്പെടുന്നവർക്ക് സൗജന്യമായി ചികിത്സ ഉറപ്പുവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വകാര്യ മേഖലയിലെ ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കുന്നതിനുള്ള ഒരു കരട് ബില്ലിന്മേലുള്ള പരിശോധനയും മറ്റ് നടപടിക്രമങ്ങളും നടന്നുവരികയാണ്.

(സി) പരിഗണനയിലില്ല.

ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ വികസനത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ

11 (588) ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ വികസനത്തിനായി സ്ഥലം ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി മെഡിക്കൽ കോളേജിൽനിന്നും എത്ര ഏക്കർ സ്ഥലം സർക്കാർ ഏറ്റെടുത്തു എന്ന് വ്യക്തമാക്കുമോ ; പ്രസ്തുത സ്ഥലം ശ്രീചിത്രാ മെഡിക്കൽ സെന്ററിന് കൈമാറിയിട്ടുണ്ടോ ;

(സി) ഇവിടെ എന്തൊക്കെ പുതിയ വികസന പ്രവർത്തനങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് അറിയാമോ ?

ഉത്തരം

(എ&ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള 84.384 സെന്റ് സ്ഥലം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആന്റ് ടെക്നോളജിക്ക് വിട്ടുനൽകാൻ ഉത്തരവായിട്ടുണ്ട്. സ്ഥലം കൈമാറുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) സ്ഥല പരിമിതിമൂലം ഇപ്പോൾ ശ്രീചിത്രയിൽ വരുന്ന രോഗികൾക്ക് അഡ്മിഷൻ ലഭിക്കാൻ പലപ്പോഴും കാലതാമസം വരുന്നതിനാൽ കൂടുതൽ ഇൻപേഷ്യന്റ് ബെഡ് സൗകര്യം ലഭ്യമാക്കുന്നതിനായി പ്രസ്തുത സ്ഥലത്ത് ഒരു ബഹുനില കെട്ടിടം പണിയാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly